LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി വിഭാഗങ്ങളുടെ പൗരാവകാശ സംരക്ഷണം

19(*48) ശ്രീ. വാഴൂർ സോമൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ശശി:
ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗങ്ങളുടെ പൗരാവകാശ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള നിയമങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(ബി) പട്ടികജാതി വിഭാഗങ്ങളുടെ പൗരാവകാശ സംരക്ഷണത്തിനും സാമൂഹിക ഉന്നമനത്തിനുമായി കേന്ദ്ര പദ്ധതികൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പട്ടികജാതി വിഭാഗങ്ങളിൽനിന്നും മിശ്രവിവാഹ ധനസഹായത്തിനായി ലഭിച്ച അപേക്ഷകൾ തീർപ്പാക്കി ധനസഹായം കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പട്ടികജാതി വിഭാഗങ്ങളുടെ പൗരാവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട് ബോധവൽക്കരണ പരിപാടികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): (എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ആളുകൾക്ക് പൗരാവകാശ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് The Protection of Civil Rights Act, 1955 നിലവിലുണ്ട്. കൂടാതെ, പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം 1989, പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ ഭേദഗതി നിയമം 2015 എന്നിവ പ്രകാരവും ടി വിഭാഗങ്ങളുടെ സംരക്ഷണം ഉറപ്പാക്കി വരുന്നുണ്ട്.

(ബി) പട്ടികജാതി വിഭാഗങ്ങളുടെ സാമൂഹിക ഉന്നമനത്തിനായി പട്ടികജാതിയിൽപ്പെട്ടവരും പട്ടികേതര ജാതിയിൽപ്പെട്ടവരും തമ്മിലുള്ള മിശ്രവിവാഹത്തിന് 50% കേന്ദ്രാവിഷ്കൃത ഫണ്ട് ഉപയോഗിച്ച് മിശ്രവിവാഹ ധനസഹായ പദ്ധതി നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം 75,000 രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നു. കേന്ദ്ര സാമൂഹ്യ ക്ഷേമ വകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

ഡോ. ബി. ആർ. അംബേദ്കർ ഫൗണ്ടേഷൻ മുഖേന ഡോ. ബി. ആർ. അംബേദ്കർ സ്കീം ഫോർ സോഷ്യൽ ഇന്റഗ്രേഷൻ ത്രൂ ഇന്റർ-കാസ്റ്റ് മാര്യേജ് എന്ന പദ്ധതി പ്രകാരവും 2.5 ലക്ഷം രൂപ മിശ്രവിവാഹ ധനസഹായം അനുവദിക്കുന്നു.

(സി) പട്ടികജാതി വിഭാഗങ്ങളിൽനിന്നും മിശ്രവിവാഹ ധനസഹായത്തിനായി ലഭിച്ച അപേക്ഷകളിന്മേൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അപേക്ഷയുടെ മുൻഗണനാക്രമത്തിൽ ധനസഹായം അനുവദിച്ചുവരുന്നു.

(ഡി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ നേരിടുന്ന തൊട്ടുകൂടായ്മ അടക്കമുള്ള അനാചാരങ്ങൾക്കെതിരെ എല്ലാ വർഷവും ബോധവത്കരണ പരിപാടികൾ പട്ടികജാതി വികസന വകുപ്പ് മുഖേന നടത്തുന്നുണ്ട്. ആയതിന്റെ ഭാഗമായി സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം, ഡോ. ബി. ആർ. അംബേദ്കർ മാധ്യമ അവാർഡ് വിതരണം എന്നിവ സംഘടിപ്പിച്ചുവരുന്നു. ഇതിനുപുറമെ പട്ടികജാതി വിഭാഗങ്ങളുടെ പൗരാവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട് പട്ടികജാതി ഗ്രാമങ്ങൾ കേന്ദ്രീകരിച്ച് ജനമൈത്രി പദ്ധതി, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി എന്നിവ മുഖേന ബോധവത്കരണ ക്ലാസ്സുകളും നടത്തിവരുന്നുണ്ട്.

ജൽജീവൻ മിഷൻ

20(*49) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ വീടുകളിലും കുടിവെള്ളം എത്തിക്കുന്നതിന് ജൽജീവൻ മിഷൻ നടത്തുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്ക് മുൻവർഷങ്ങളിൽ കേന്ദ്രസർക്കാർ അനുവദിച്ച തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): (എ) ജൽജീവൻ പദ്ധതിയുടെ നിർവ്വഹണ പുരോഗതി നിരന്തരം വിലയിരുത്തുന്നുണ്ട്. പ്രതിവാര മോണിറ്ററിംഗ് നടത്തി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. ഇതിലൂടെ പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും പദ്ധതി പുരോഗതി സംബന്ധിച്ച വിവരങ്ങൾ അറിയാൻ സാധിക്കുന്നതാണ്.